**കേരള സർക്കാർ**
**വനം വന്യജീവി (ഡി) വകുപ്പ്**

**സർക്കുലർ**

**2853/ഡി2/2013/വനം. തിരുവനന്തപുരം, തീയതി, 20.03.2013.**

വിഷയം - വനം വന്യജീവി വകുപ്പ് - ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ആനകളെ എഴുന്നള്ളിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - 1. ജി.ഒ.(പി)നം.03/2012/വനം തീയതി 21.01.2012.
2. ജി.ഒ.(പി)നം.119/2012/വനം തീയതി 18.12.2012.

ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട്; ആനകൾ ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉത്സവാഘോഷങ്ങൾക്കും, മറ്റ് പൊതു പരിപാടികൾക്കും ആനകളെ എഴുന്നെള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സൂചന(1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും, പോലീസ് ഉദ്യോഗസ്ഥരും, വനം വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതാണ്. ആനകൾ ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി സർക്കാർ പുറപ്പെടുവിക്കുന്നു.

1. ആനകളെ എഴുന്നള്ളിക്കുമ്പോൾ നിലനിൽക്കുന്ന (സാധുതയുള്ള) ഡേറ്റാ ബുക്കിന്റെ പകർപ്പ് വനം/റവന്യൂ/പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഡേറ്റാബുക്ക് പരിശോധിച്ച ശേഷമേ ബന്ധപ്പെട്ടവർ ആനകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ.
2. ജില്ലാ കളക്ടറുടെ ചുമതലയിലുള്ള മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും നിർബന്ധമായും യോഗം കൂടിയിരിക്കണം. ഉത്സവ സീസണിൽ (നവംബർ മാസം മുതൽ) എല്ലാ മാസവും ഈ സമിതി കൂടിയിരിക്കണം. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണം.

3. പകൽ 11-നും 3.30-നും ഇടയിലുള്ള സമയം ആനകളെ എഴുന്നള്ളിക്കുവാൻ പാടുള്ളതല്ല. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി ഒഴിച്ചുകൂടാൻ വയ്യാത്ത ഇടങ്ങളിൽ പന്തൽ കെട്ടി തണൽ ഒരുക്കിയും, ഇടയ്ക്ക് കുടിവെള്ളം നൽകിയും, ആനകളെ; 11-നും 3.30-നും ഇടയിൽ എഴുന്നള്ളിക്കാൻ കളക്ടർക്ക് പ്രത്യേക അനുവാദം നൽകാവുന്നതാണ്.

4. ഒരു ദിവസം 6 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി എഴുന്നെള്ളിപ്പിന് ഒരേ ആനയെ ഉപയോഗിക്കരുത്. അല്ലെങ്കിൽ പരമാവധി ഒരു ദിവസം രണ്ട് പ്രാവശ്യങ്ങളിലായി 4 മണിക്കൂർ വീതം എഴുന്നള്ളിപ്പിക്കാവുന്നതാണ്. ഈ സമയത്തിൽ കൂടുതൽ ആനയെ എഴുന്നള്ളിപ്പിക്കണമെങ്കിൽ മറ്റൊരാനയെക്കൂടി ഉപയോഗിക്കേണ്ടതാണ്. രാത്രി എഴുന്നെള്ളിപ്പിന് ഉപയോഗിച്ച ആനയെ പിറ്റെ ദിവസം പകൽ വീണ്ടും എഴുന്നെള്ളിപ്പിന് ഉപയോഗിക്കരുത്. എഴുന്നെള്ളിപ്പിന് മുമ്പും പിമ്പും, തീറ്റയും വെള്ളവും ആനകൾക്ക് നൽകിയിട്ടുണ്ടെന്ന് സംഘാടകർ ഉറപ്പ് വരുത്തണം.

5. ആനകളെ ഉപയോഗിച്ചുള്ള പുതിയ പൂരങ്ങൾക്ക് അനുവാദം നൽകരുത്. 2012-ൽ ഉണ്ടായിരുന്ന പൂരങ്ങളിൽ മാത്രമേ തുടർ വർഷങ്ങളിൽ ആനയെ ഉപയോഗിക്കാൻ അനുവാദം നൽകാവൂ. 2012-ൽ ഉണ്ടായിരുന്ന ആനകളുടെ എണ്ണം മാത്രമെ ഓരോ പൂരത്തിനും തുടർ വർഷങ്ങളിലും ഉണ്ടാകാൻ പാടുള്ളൂ.

6. ആനകളിൽ നിന്നും നിശ്ചിത ദൂരെ മാത്രമേ (3 മീറ്റർ) ആളുകൾ നിൽക്കാനും സഞ്ചരിക്കാനും പാടുള്ളൂ. ആനപ്പാപ്പാന്മാർ അല്ലാതെ മറ്റാരും ആനകളെ സ്പർശിക്കാൻ പാടുള്ളതല്ല.

7. പാപ്പാന്മാർ മദ്യപിച്ച് ജോലി ചെയ്യാൻ അനുവദിക്കരുത്. പോലീസ് ഉദ്യോഗസ്ഥർ ബ്രത്ത് അനലൈസർ ഉപയോഗിച്ച് പാപ്പാന്മാരെ നിർബ്ബന്ധമായും പരിശോധിക്കേണ്ടതാണ്. പാപ്പാന്മാർ മദ്യപിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ പാപ്പാനെതിരെ നിയമപരമായ നടപടിയെടുക്കണം. ആ ആനയേയും, പാപ്പാനേയും എഴുന്നെള്ളിപ്പിൽ നിന്ന് നിർബ്ബന്ധമായും മാറ്റിയിരിക്കണം.

8. ആനകളെ ഉപയോഗിക്കുന്ന എല്ലാ ഉത്സവങ്ങളിലും; ഉത്സവക്കമ്മിറ്റി 72 മണിക്കൂർ സമയത്തേക്ക് 25 ലക്ഷം രൂപയ്ക്കെങ്കിലും ഇൻഷ്വർ ചെയ്തിരിക്കണം.

9. നിർബ്ബന്ധമായും; ആനയെ ഇടച്ചങ്ങല, മുട്ട് ചങ്ങല കൂടാതെ എഴുന്നെള്ളിപ്പിന് നിർത്താൻ പാടുള്ളതല്ല.

10. ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടു പോകുമ്പോൾ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിച്ചിരിക്കണം. വാഹനങ്ങൾക്ക് ഡി.എഫ്.ഒ-മാർ കൊടുത്തിരിക്കുന്ന പെർമിറ്റ് വനം/പോലീസ്/റവന്യൂ ഉദ്യോഗസ്ഥർ പരിശോധിച്ചിരിക്കണം.

11. ഒരേ സമയം 15-ൽ (പതിനഞ്ചിൽ) കൂടുതൽ ആനകളെ ഉപയോഗിച്ച നടത്തുന്ന പൂരങ്ങൾക്ക് ആവശ്യമായ സ്ഥലമുണ്ടോയെന്ന് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം.

12. ഒരേ സമയം 3-ൽ (മൂന്നിൽ) കൂടുതൽ ആനകളെ ക്ഷേത്രങ്ങൾക്കുള്ളിൽ പ്രവേശിപ്പിക്കരുത്.

13. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി കഴിഞ്ഞ 25 വർഷങ്ങൾക്കു മുമ്പ് ആനയോട്ടം പോലുള്ള ചടങ്ങുകൾക്ക് ആനകളെ ഉപയോഗിച്ചിരുന്നിടത്തല്ലാതെ ഒരിടത്തും ഇത്തരം ചടങ്ങുകൾ നടത്താൻ പാടുള്ളതല്ല.

14. ആനകൾ ഉണ്ടാക്കുന്ന അക്രമങ്ങൾ, പ്രശ്നങ്ങൾ, മനുഷ്യർക്കും മറ്റ് ജിവജാലങ്ങൾക്കും വസ്തു വകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, പരിക്കുകൾ തുടങ്ങിയവ നിർബ്ബന്ധമായും സ്ഥലം, തീയതി, സമയം തുടങ്ങിയവ കാണിച്ച് ഡി.എഫ്.ഒ-മാർ ഡേറ്റാ ബുക്കിൽ രേഖപ്പെടുത്തിയിരിക്കണം. പ്രശ്നങ്ങൾ സ്ഥിരമായുണ്ടാക്കുന്ന ആനകളുടെ ലിസ്റ്റ് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കണം. ഈ ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുകയും ഈ ലിസ്റ്റിലുള്ള ആനകളെ എഴുന്നെള്ളിപ്പിന് ഉപയോഗിക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

പ്രദീപ് കുമാർ.
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
റവന്യൂ (ദേവസ്വം) വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.